# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2300 — 18.06.2014-ൽ മറുപടിക്ക്

## കൗമാരപ്രായക്കാരായ വിദ്യാർത്ഥിനികൾക്ക് കുത്തിവെയ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആരോഗ്യ വകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്ന് കൗമാരപ്രായക്കാരായ വിദ്യാർത്ഥിനികൾക്ക് എന്തെങ്കിലും കുത്തിവെയ്പ് നടത്തുന്നുണ്ടോ ; | (എ) സാമൂഹ്യ നീതി വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സ്കൂളുകളിലെ കൗമാരപ്രായക്കാരായ വിദ്യാർത്ഥിനികൾക്ക് റൂബെല്ല വാക്സിനേഷൻ ആരോഗ്യ വകുപ്പ് നൽകി വരുന്നു. |
| (ബി) ഉണ്ടെങ്കിൽ എന്താണ് കുത്തിവെയ്പ് എന്നും എന്തിനുവേണ്ടിയാണ് ഈ കുത്തിവെയ്പ് എന്നും ഇതുവരെ എത്ര കുട്ടികൾക്ക് ഈ കുത്തിവെയ്പ് നടത്തിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ; | (ബി) റൂബെല്ല വാക്സിനേഷൻ നൽകുന്നത് കുഞ്ഞിന് ഹൃദയം, കണ്ണ്, തലച്ചോറ്, ചെവി എന്നീ അവയവങ്ങൾക്ക് വൈകല്യമുണ്ടാകാതിരിക്കുന്നതിനു വേണ്ടിയാണ് ഗർഭാവസ്ഥയിൽ മാതാവിന് റൂബെല്ല രോഗബാധയേറ്റാൽ കുഞ്ഞിന് മേൽ പറഞ്ഞ അവയവങ്ങൾക്ക് ജന്മനാ രോഗമുണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്. ഇത് വൈദ്യശാസ്ത്രത്തിൽ അംഗീകൃതമായ വസ്തുതയാണ്.<br>2013-14 -ൽ റിപ്പോർട്ടുകൾ കിട്ടിയതനുസരിച്ച് 2,40,000 (രണ്ടു ലക്ഷത്തി നാല്പതിനായിരം) പേർക്ക് റൂബെല്ല വാക്സിൻ നൽകിയിട്ടുണ്ട്. |
| (സി) ഈ കുത്തിവെയ്പ് നടത്തുന്നതിന് മുമ്പ് ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ റിപ്പോർട്ട് ലഭ്യമാക്കുമോ ; | (സി) ആഗോള വ്യാപകമായി ഉള്ള മെഡിക്കൽ ഗ്രന്ഥങ്ങളിൽ മേൽപറഞ്ഞ രോഗവും ജന്മനാലുള്ള വൈകല്യങ്ങളും തമ്മിലുള്ള ബന്ധം ശാസ്ത്രീയ വസ്തുതകളെ അടിസ്ഥാനമാക്കി പ്രതിപാദിച്ചിട്ടുള്ളതിനാൽ ആരോഗ്യ വകുപ്പ് പ്രത്യേകിച്ച് ഒരു പഠനവും നടത്തിയിട്ടില്ല. |
| (ഡി) ഈ കുത്തിവെയ്പിന് ശേഷം കുട്ടികൾക്ക് എന്തെങ്കിലും ശാരീരിക പ്രശ്നങ്ങൾ ഉള്ളതായി റിപ്പോർട്ടുണ്ടായിരുന്നോ ; | (ഡി) റൂബെല്ലാ വാക്സിനേഷൻ എടുത്ത രണ്ടുലക്ഷത്തിലധികം കുട്ടികളിൽ 200 -ൽ താഴെ കുട്ടികൾക്ക് തൊലി പുറത്ത് ചെറിയ തോതിലുള്ള തിണർപ്പ് ശ്രദ്ധയിൽപ്പെട്ടിരുന്നു. |
| (ഇ) സ്കൂൾ വിദ്യാർത്ഥികൾക്ക് മുഴുവനും ഇരുമ്പുസത്ത് ഗുളിക വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (ഇ) ഉണ്ട്. WIFS (പ്രതിവാര അയൺ ഫോളിക് ആസിഡ് ഗുളിക വിതരണം) പരിപാടിയുടെ ഭാഗമായി സർക്കാർ - എയ്ഡഡ് സ്കൂളുകളിൽ ആറാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും വിളർച്ചാ രോഗം തടയുന്നതിനായി ഇരുമ്പ് സത്ത് ഗുളിക വിതരണം ചെയ്യുന്നുണ്ട്. |

(.... 2)

(എഫ്) ഉണ്ടെങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(എഫ്) വിളർച്ചാരോഗം തടയുന്നതിലൂടെ ബുദ്ധി, കായിക ശേഷി, രോഗപ്രതിരോധ ശേഷി എന്നിവ മെച്ചപ്പെടുന്നു എന്നു മാത്രമല്ല ഇത് നടപ്പിലാക്കുന്നതിലൂടെ പെൺകുട്ടികൾക്ക് കൗമാര ദശയിൽ ആർത്തവസമയത്തുണ്ടാകുന്ന വിളർച്ച തടയുന്നതിനും ഭാവിയിൽ അമ്മയാകുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള വിളർച്ചയും അനുബന്ധ സങ്കീർണതകളും തടയുവാൻ കഴിയും. ഈ പദ്ധതി വിശദമായ പഠനങ്ങൾക്കുശേഷം കേന്ദ്ര ആരോഗ്യ മന്ത്രാലയം ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കി വരുന്നു. ഇത് സംബന്ധിച്ച ന്യൂട്രീഷ്യൻ ബ്യൂറോയുടെ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.

(ജി) രാജ്യത്തെ മറ്റേതൊക്കെ സംസ്ഥാനങ്ങളിൽ ഇത്തരത്തിൽ മുഴുവൻ കുട്ടികൾക്കും കുത്തിവെയ്പ്പും ഗുളിക വിതരണവും നടത്തുന്നുണ്ട് എന്ന് വിശദമാക്കുമോ ;

(ജി) ദേശീയ ആരോഗ്യ പദ്ധതി ആയതിനാൽ WIFS (പ്രതിവാര അയൺ ഫോളിക് ആസിഡ് ഗുളിക വിതരണം) പദ്ധതി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കി വരുന്നു. എന്നാൽ റൂബെല്ല വാക്സിനേഷൻ പദ്ധതി കേരള സംസ്ഥാനത്ത് മാത്രമാണ് ഇതുവരെ നടപ്പിലാക്കിയത്.

(എച്ച്) പെന്റാവാലന്റ് കുത്തിവെയ്പ്പ് കാരണം സംസ്ഥാനത്ത് ഇതുവരെ എത്ര കുട്ടികൾ മരണപ്പെട്ടിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

(എച്ച്) പെന്റാവാലന്റ് വാക്സിനേഷൻ കൊടുത്തതിനു ശേഷം പല കാരണങ്ങൾ കൊണ്ടുള്ള 24 മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇവയിൽ 22 എണ്ണം ദേശീയ സംസ്ഥാന തലങ്ങളിലുള്ള എ.ഇ.എഫ്.ഐ. കമ്മിറ്റി (പ്രതിരോധചികിത്സാനന്തരമുള്ള വൈഷമ്യങ്ങൾ വിലയിരുത്തുന്ന സമിതി) യിലെ വിദഗ്ദർ വിലയിരുത്തുകയും ഇവയിൽ ഒരു മരണവും പെന്റാവാലന്റ് വാക്സിനുമായി ബന്ധപ്പെട്ടതല്ല എന്ന് സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന രണ്ട് കേസുകൾ വിലയിരുത്തുന്നതിന് രേഖകൾ സമാഹരിച്ചു കൊണ്ടിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ

ഭാരമേശ്മ

**Results of the survey conducted among the Girl students on Nutrition and Anemia by Nutrition Research Centre, Directorate of Health Services( 2012-13)**

| Sl No. | Name of College | No of students | Under weight | | Normal | | Over weight | | Obesity | | Prevalence of anemia | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | No | % | No | % | No | % | No | % | N | % | An | % |
| 1 | All saints college, Tvpm | 242 | 62 | 25.6 | 156 | 64.5 | 23 | 9.5 | 1 | 0.40 | 182 | 75.2 | 60 | 24.8 |
| 2 | Law college TVPM | 126 | 27 | 21.43 | 81 | 64.29 | 14 | 11.1 | 4 | 3.17 | 90 | 71.4 | 36 | 28.6 |
| 3 | UIT Pirappancod | 84 | 34 | 40.48 | 44 | 52.38 | 5 | 5.95 | 1 | 1.2 | 51 | 60.7 | 33 | 39.3 |
| 4 | LBS IT Poojappura | 458 | 80 | 17.47 | 305 | 66.59 | 55 | 12.01 | 18 | 3.93 | 368 | 80.35 | 90 | 19.65 |
| TOTAL | | 910 | 203 | 22.31 | 586 | 64.4 | 97 | 10.66 | 24 | 2.64 | 691 | 75.93 | 219 | 24.07 |

**State Nutrition Officer**

No : Number

N : Normal

An : Anemic

[signature]

Section Officer